**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238** **28-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത ഭവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം രാജഗോപാലൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത ഭവനമൊരുക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി വിവിധ പദ്ധതികളിലൂടെ ഇതുവരെ എത്ര വീടുകൾ നൽകാനായിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാണോ; | (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത ഭവനമൊരുക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 3,561 പേരെ ഭവന നിർമ്മാണ ധനസഹായത്തിന് പരിഗണിച്ചതിൽ 3,041 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 1,854 പേരെ പുനരധിവസിപ്പിക്കുന്നതിന് പരിഗണിച്ചതിൽ 1,431 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും, 1,219 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.<br><br>2017-18 മുതൽ ഫിഷറീസ് വകുപ്പ് മുഖേന ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നില്ല. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ പുനർഗേഹം പദ്ധതിയാണ് നിലവിൽ ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്നത്.<br><br>അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭവന പദ്ധതി നിലവിൽ നടപ്പാക്കി വരുന്നത്. സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട 5,985 ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതി |

| | | | | |
|---|---|---|---|---|
| | | | | പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്തും, 3,650 ഗുണഭോക്താക്കൾ ഈ സർക്കാരിന്റെ കാലത്തും ഇതുവരെ ഭവന നിർമ്മണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിന് 15.11.2022-ലെ സ.ഉ.(സാധാ) 2806/2022/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 22.02.2023 വരെ ടി വിഭാഗത്തിൽപ്പെട്ട 1,504 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br><br>തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പുനർഗേഹം പദ്ധതി പ്രകാരം സുരക്ഷിത മേഖലയിലേക്ക് മാറി താമസിക്കുവാൻ സന്നദ്ധരായ 8,743 കുടുംബങ്ങളിൽ 2,358 കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. ആയതിൽ 1,968 കുടുംബങ്ങളെ വ്യക്തിഗത ഭവനങ്ങളിലേയ്ക്കും 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേയ്ക്കുമാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. നിലവിൽ 644 ഫ്ലാറ്റുകളുടെ നിർമ്മാണം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പുരോഗമിക്കുന്നു. 540 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും ഉടൻ നിർമ്മാണം ആരംഭിക്കുന്നതുമാണ്. ഇത്തരത്തിൽ 5,504 കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. 168 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭൂമി ലഭ്യമായിട്ടുള്ളതും ഭരണാനുമതിയ്ക്കായി നടപടി സ്വീകരിച്ചു വരികയുമാണ്. 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ തീരദേശ മേഖലയിലുള്ളവരുടെ വാസം സുരക്ഷിതമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പുനർഗേഹം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (ബി) | | 2018 ൽ നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തിയ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള 18,685 കുടുംബങ്ങളിൽ മാറി |

| | | | |
|---|---|---|---|
| | | | താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത് 8,743 കുടുംബങ്ങളാണ്. ആയതിൽ 1,968 കുടുംബങ്ങളെ വ്യക്തിഗത ഭവനങ്ങളിലേയ്ക്കും 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേയ്ക്കും പുനരധിവസിപ്പിച്ചു കഴിഞ്ഞു. 644 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 540 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും ഉടൻ നിർമ്മാണം ആരംഭിക്കുന്നതുമാണ്. 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ലഭ്യമാക്കി ഭരണാനുമതിയ്ക്കായി നടപടി സ്വീകരിച്ചു വരുന്നു. 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മാറി താമസിക്കുവാൻ സന്നദ്ധരായ ഗുണഭോക്താക്കൾക്കായി വ്യക്തിഗത ഭവന നിർമ്മാണത്തിന് പുറമെ ഭവന സമുച്ചയ നിർമ്മാണത്തിനായും ഭൂമി കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. ഇത്തരത്തിൽ ഭവന സമുച്ചയ നിർമ്മാണത്തിനായി 20 ഏക്കറോളം ഭൂമി കണ്ടെത്തി അർത്ഥനാ പത്രം സമർപ്പിച്ചിട്ടുള്ളതാണ്. |
| (സി) | സർവേയുടെ അടിസ്ഥാനത്തിൽ മാറ്റി പാർപ്പിക്കേണ്ടതായി കണ്ടെത്തിയ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എത്രയെന്നും അതിൽ എത്ര കുടുംബങ്ങൾ മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | സർവ്വേ പ്രകാരം മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ 18,685 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആയതിൽ മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത് 8,743 കുടുംബങ്ങളാണ്. |

സെക്ഷൻ ഓഫീസർ